ഉത്തരം

(എ) ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയും, ദ്രവരൂപത്തിലുള്ളവ ആട്ടോ ക്ലേവ് മുഖേന അണുവിമുക്തമാക്കിയ ശേഷം സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. ആശുപത്രി യിൽനിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നത് അതിനായി പ്രത്യേകം പരിശീലനം ലഭിച്ച അറ്റൻഡർമാർ മുഖേനയാണ്. മാലിന്യങ്ങൾ തരംതിരിച്ച് കളർ കോഡുള്ള പ്രത്യേകം ബാഗുകളിൽ ശേഖരിച്ചാണ് നിർമ്മാർജ്ജനം ചെയ്യുന്നത്.

ഇൻസിനറേറ്റർ മുഖേന കത്തിച്ചുകളയാൻ സാധിക്കാത്ത തരം ഖര മാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കപ്പെട്ട ആഴത്തിലുള്ള കുഴികളിൽ ഇട്ട് മൂടുകയാണ് ചെയ്യുന്നത്.

(ബി) താഴെപ്പറയുന്ന ആശുപത്രികളിൽ മാലിന്യം കത്തിച്ചുകളയുന്നതിന് ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(1) തിരുവനന്തപുരം ജനറൽ ആശുപത്രി
(2) കൊല്ലം ജില്ലാ ആശുപത്രി
(3) മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
(4) മലപ്പുറം ജില്ലാ ആശുപത്രി
(5) ജില്ലാ ആശുപത്രി, തൃശ്ശൂർ
(6) പാലക്കാട് ജില്ലാ ആശുപത്രി
(7) കോഴിക്കോട് ജില്ലാ ആശുപത്രി

ഇവ കൂടാതെ ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗപ്പെടുത്തി എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ബയോ-മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി ആലോചനാഘട്ടത്തിലാണ്.

(സി) ആശുപത്രി മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയോ ആഴത്തിൽ കുഴിയെടുത്ത് മൂടുകയോ, ആട്ടോ ക്ലേവ് ചെയ്ത് അണുവിമുക്തമാക്കി സെപ്റ്റിക് ടാങ്കുകളിൽ ഒഴുക്കുകയോ ആണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശുപത്രിയിൽനിന്നുള്ള ദ്രവമാലിന്യങ്ങൾ ആട്ടോക്ലേവ് ചെയ്ത് അണുവിമുക്തമാക്കി സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്.

എല്ലാ പ്രധാന ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ നടപടി

171 [2664] ശ്രീ. കെ. നാരായണകുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതി സർക്കാരിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) എല്ലാ പ്രധാന ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) എല്ലാ ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-ലെ ബയോ മെഡിക്കൽ വേസ്റ്റ് റൂൾസിൽ അനുശാസിക്കുന്ന തരത്തിലുള്ള പൂർണ്ണമായ തോതിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ചില സ്വകാര്യ ആശുപത്രികളിൽ നിലവിൽ വന്നിട്ടുണ്ട്. ബാക്കിയുള്ളവയിലും സമാന്സംവിധാനം നിലവിൽവരുത്താൻ ശ്രമിക്കുന്നതിനോടൊപ്പം നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ആശുപത്രി മാലിന്യങ്ങൾ പരിസ്ഥിതിക്കും മനുഷ്യർക്കും ഹാനികരമല്ലാത്തതരത്തിൽ നിർമ്മാർജ്ജനം ചെയ്യാനും ശ്രമിച്ചു വരുന്നു. ഖരമുപത്തിലുള്ള മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയും ദ്രവരൂപത്തിലുള്ളവ ആട്ടോ ക്ലേവ് മുഖേന അണുവിമുക്തമാക്കിയ ശേഷം സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. ആശുപത്രിയിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നത് അതിനായി പ്രത്യേകം പരിശീലനം ലഭിച്ച അറ്റൻഡർമാർ മുഖേനയാണ്. മാലിന്യങ്ങൾ തരംതിരിച്ച് കളർ കോഡുള്ള പ്രത്യേകം ബാഗുകളിൽ ശേഖരിച്ചാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. ഇൻസിനറേറ്റർ മുഖേന കത്തിച്ചുകളയാൻ സാധിക്കാത്ത തരം ഖരമാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കപ്പെട്ട ആഴത്തിലുള്ള കുഴികളിൽ ഇട്ട് മൂടുകയാണ് (ഡീപ്ബറിയൽ) ചെയ്യുന്നത്. കേരളത്തിൽ സർക്കാർ തലത്തിൽ കണ്ണൂരിലെ പരിയാരം, തൃശ്ശൂരിലെ കൊരട്ടി, ആലപ്പുഴയിലെ നൂറനാട് എന്നിവിടങ്ങളിൽ പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ 2004 ജനുവരിമുതൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ കേരളാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതു മാലിന്യ സംസ്കരണ സംവിധാനം പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. 2004 ജൂലൈ അവസാനത്തിനുമുൻപായി ബയോ-മെഡിക്കൽ വേസ്റ്റ് റൂളിൽ അനുശാസിക്കുന്ന രീതിയിലുള്ള സംവിധാനങ്ങൾ സംസ്ഥാനത്തെ പ്രധാന സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 11 പ്രധാന സർക്കാർ ആശുപത്രികളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) എല്ലാ ആശുപത്രികളിലും പ്രത്യേകം പ്രത്യേകം ഇൻസിനറേറ്റർ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആശുപത്രികളിൽ ഉണ്ടാകുന്ന ഖരമാലിന്യത്തിൽ 20 ശതമാനത്തോളം മാത്രമേ ബയോ-മെഡിക്കൽ മാലിന്യമുള്ളൂ. അതിന്റേയും ഏകദേശം 25 ശതമാനം വരുന്ന മാലിന്യമാണ് ഇൻസിനറേറ്റ് ചെയ്യാനോ കുഴിച്ചുമൂടൽ നടത്താനോ ബയോ-മെഡിക്കൽ വേസ്റ്റ് റൂളിൽ അനുശാസിക്കുന്നത്. 5 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള പട്ടണങ്ങളിൽ കുഴിച്ചുമൂടൽ അനുവദനീയമാണ്. ഓരോ ആശുപത്രികളിലും ഇൻസിനറേറ്ററുകളും അനുബന്ധ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കുന്നത് ചെലവേറിയതാണ്. പൊതു സംസ്കരണ സംവിധാനത്തിലെ ഇൻസിനറേറ്റർ കഴിയുന്നത്ര പ്രയോജനപ്പെടുത്തുകയാണ് അഭികാമ്യം. ഇതുതന്നെയാണ് ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശവും.

മാലിന്യങ്ങൾക്ക് കാരണമാകുന്ന വ്യവസായ സ്ഥാപനങ്ങൾ

172 [2565] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
" എ. സുജനപാൽ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളുണ്ടാകുന്നതിന് കാരണമായ എത്ര വ്യവസായങ്ങളാണ് സംസ്ഥാനത്തുള്ളത്;

(ബി) തിരുവാങ്കുളം നേച്ചറൽ ലൗവേഴ്സ് മൂവ്മെന്റ് നൽകിയ പൊതു താൽപര്യ ഹർജിയിൽ മലിനീകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഗവൺമെന്റ് നടപടിയെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അപര്യാപ്തതകൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടിയെടുത്തുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജലമലിനീകരണമോ, വായുമലിനീകരണമോ കാര്യമായി സാദ്ധ്യതയുള്ളതായ ഏകദേശം 5000 വ്യവസായങ്ങളെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ട്.

(ബി) മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങളെ ബന്ധപ്പെട്ട നിയമത്തിന്റെ പരിധിയിൽ നിയന്ത്രിച്ചു നിർത്താൻ ആവശ്യമായ അധിക മാനവശേഷി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നൽകണമെന്നാണ് 10-2-2004-ലെ ഹൈക്കോടതി വിധിയുടെ ചുരുക്കം.

LIBRARY ARCHIVES Kerala Legislative Assembly